# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAMPM 22 /915/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/07/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 22 /915/2021 തീയ്യതി: 01/07/2021

## മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ്.പി ഓഡിറ്റ് ഓഫീസർ
ശ്രീ അബ്ദുൾ ഗഫൂർ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.മൂസ.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ. ഷാജഹാൻ ഖുറൈശി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ. യൂസഫ്.പി. സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീ.പി.കെ.ജയറാം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ. രാജേഷ്, അസി.സെക്രട്ടറി | സെക്രട്ടറി(ഇൻ ചാർജ്ജ്) | 01-04-2019 | 12-05-2019 |
| എം.രാജേഷ്,സെക്രട്ടറി | സെക്രട്ടറി | 13-05-2019 | 31-03-2020 |
| എൻ. നവ്യ | അസി.എഞ്ചിനീയർ | 01-04-2019 | 04-04-2019 |
| എസ്.ജിതേഷ് | അസി.എഞ്ചിനീയർ | 05-04-2019 | 31-03-2020 |
| ഡോ. സീമ.പി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| സൈനബ.ടി.പി. | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ഡോ.മുജീബ് റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2019 | 16-09-2019 |
| ഡോ.സവിത | വെറ്ററിനറി സർജൻ | 17-09-2019 | 14-03-2020 |
| ഡോ.രേവതി | വെറ്ററിനറി സർജൻ | 15-03-2020 | 31-03-2020 |
| സ്മിത ജെയിംസ് | ഡയറി എക്സ്റ്റേഷൻ ഓഫീസർ | 01-04-2019 | 10-01-2020 |
| സജിത | ഡയറി എക്സ്റ്റേഷൻ ഓഫീസർ | 11-01-2020 | 31-03-2020 |
| രാജു പടുവിൽ | വി.ഇ.ഒ | 01-04-2019 | 29-07-2019 |
| ഉഷാകുമാരി | വി.ഇ.ഒ | 30-07-2019 | 04-11-2019 |
| അജ്ന.കെ | വി.ഇ.ഒ | 05-11-2019 | 31-03-2020 |
| ആർ. രാജേഷ് | അസി.സെക്രട്ടറി | 01-04-2019 | 19-09-2019 |
| ഒഴിവ് | അസി.സെക്രട്ടറി | 20-09-2019 | 26-09-2019 |
| ആർ.സുധീഷ് ബാബു. | അസി.സെക്രട്ടറി | 27-09-2019 | 05-12-2019 |
| ഒഴിവ് | അസി.സെക്രട്ടറി | 06-12-2019 | 09-12-2019 |
| രാജേഷ്.ആർ.വി. | അസി.സെക്രട്ടറി | 10-12-2019 | 21-12-2019 |
| ഒഴിവ് | അസി.സെക്രട്ടറി | 22-12-2019 | 12-01-2020 |
| വി.വിനോദ്കുമാർ | അസി.സെക്രട്ടറി | 13-01- | 31-03- |

| | | | |
|---|---|---|---|
| | | 2020 | 2021 |
| ഷൈലജ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ഷിഹാബുദ്ദീൻ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2019 | 31-03-2020 |
| വിജയശ്രീ.എസ്.ബി. | കൃഷി ഓഫീസർ | 01-04-2019 | 15-01-2020 |
| സമീറലി (ചാർജ്) | കൃഷി ഓഫീസർ | 16-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021) | 1-1 |
| 2 | 2019-20 ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം പാലിച്ചില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Yousuf.P (Asst. Audit Officer, On 28-06-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 28-06-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Yousuf.P (Asst. Audit Officer, On 28-06-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 28-06-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം 2019-20 (ACR പ്രകാരം)<br>Written By: Yousuf.P (Asst. Audit Officer, On 28-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021) | 1-7 |
| 9 | മുൻ റിപ്പോർട്ടിൽ പരിഹരിച്ചതും/പരിഹരിക്കാത്തതുമായ പരാമർശങ്ങൾ<br>Written By: Prasad (Audit Officer, On 23-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-9 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 28-06-2021)<br>Last Updated By: Prasad (Audit Officer, On 28-06-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 28-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-11 |
| 13 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു<br>Written By: Yousuf.P (Asst. Audit Officer, On 28-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-12 |
| 14 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികളിലെ അപാകതകൾ - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 28061 രൂപ ഗ്രാമപഞ്ചായത്തിൽ തിരിച്ചടവാക്കി.<br>Written By: E.Moosa (Asst. Audit Officer, On 24-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-13 |
| 15 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 24-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-14 |
| 16 | ചെലവുകൾക്കാധാരാമായ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-15 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് | 1-16 |

| | | |
|---|---|---|
| | സ്കോളർഷിപ്പ് -പഠന രേഖകൾ ഹാജരാക്കിയില്ല.<br>Written By: E.Moosa (Asst. Audit Officer, On 25-06-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 28-06-2021) | |
| 18 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നിർവ്വഹണം - അവലോകനം<br>Written By: E.Moosa (Asst. Audit Officer, On 01-07-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-17 |
| 19 | ക്ഷീര കർഷകർക്ക് സബ്സിഡി അധിക നിരക്കിൽ നൽകി-86,183 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-18 |
| 20 | സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-19 |
| 21 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പദ്ധതി-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-20 |
| 22 | ഹരിത കർമ്മസേന പ്രവർത്തനം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 01-07-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 01-07-2021) | 1-21 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: E.Moosa (Asst. Audit Officer, On 24-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 1-22 |
| 24 | ഗ്രാമ സഭ യോഗം-സംബന്ധിച്ച്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-23 |
| 25 | തുടർ സാക്ഷരത-തുല്യത ഫീസ് അടവാക്കൽ :രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-24 |
| 26 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് പ്രിന്റർ ലഭ്യമാക്കാത്തതു സംബന്ധിച്ച്.<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-25 |
| 27 | റജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്-രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-26 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 25-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-27 |
| 29 | എസ്.എസ്.എ. വിഹിതം അടവാക്കൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-28 |
| 30 | അങ്കണവാടികളിലേക്ക് ടി.വി വാങ്ങൽ-5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-29 |
| 31 | ദുരിതാശ്വാസ നിധി രൂപീകരണം-സംബന്ധിച്ച്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-30 |
| 32 | പരിരക്ഷാ പദ്ധതിയ്ക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നും | 1-31 |

| | | |
|---|---|---|
| | ലഭ്യമായിട്ടില്ല.<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | |
| 33 | ന്യൂട്രിമിക്സ് സാമ്പിളുകൾ- ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 26-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 21-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 01-07-2021) | 4-6 |
| 7 | ഒാഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 24-06-2021)<br>Last Updated By: Prasad (Audit Officer, On 24-06-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: Prasad (Audit Officer, On 22-06-2021) | 4-9 |
| 10 | ഒാഡിറ്റ് പ്രത്യാലോകനം<br>Written By: Prasad (Audit Officer, On 24-06-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 01-07-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 22-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 01-07-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-2020ലെ ബജറ്റ് തീരുമാനം നമ്പർ 1/1 തിയ്യതി 15.02.2019 പ്രകാരം അംഗീകരിച്ചു.

### 1-1-1 2019-20 ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം പാലിച്ചില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല

1.വിവിധ സ്ഥാപനങ്ങളിലെ തലവൻമാർ സമർപ്പിക്കേണ്ട Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസൽ ജനവരി 15 ന് മുമ്പ് സമർപ്പിക്കേണ്ടതാണെന്നിരിക്കെ ആയത് സമർപ്പിച്ചതിന്റെ രേഖകൾ

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത്

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2

4.ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതു സംബന്ധിച്ച റിപ്പേർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയതായോ കാണുന്നില്ല.

5.ബഡ്ജറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല. [വകുപ്പ്214(7)]

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം 13/22.6.21) വരും വർഷങ്ങളിൽ നിർദ്ദേശം പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 11.05.2020 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2019-20) |
|---|---|
| മുന്നിരിപ്പ് | 28164313 |
| വരവ് | 51407593 |
| ആകെ | 79571906 |
| ചെലവ് | 49820425 |
| നീക്കിയിരിപ്പ് | 29751481 |

## 1-4 ഫണ്ട് വിനിയോഗം 2019-20 (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 12615961 | 12615961 | 11250103 | 1365858 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 4800294 | 4800294 | 3044928 | 1755366 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 00 | 6598000 | 6598000 | 2621347 | 3976653 |
| സംരക്ഷണ | 00 | 3989000 | 3989000 | 2324784 | 1664216 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്(നോൺറോഡ്) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 00 | 10339549 | 10339549 | 5121259 | 5218290 |
| ട്രഡീഷണൽ പർപ്പസ് ഫണ്ട് | 00 | 11965821 | 11965821 | 2318404 | 9647417 |
| സാക്ഷരത | 5733 | 00 | 5733 | 00 | 5733 |
| തനത് ഫണ്ട് (ബാങ്ക് അക്കൗണ്ട്) | 11837852 | 10502387 | 22340239 | 5638939 | 16701300 |
| തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്) | 11081185 | 14898707 | 25979892 | 18865502 | 7114390 |
| എസ്.എസ്.എ. | 999227 | 31615 | 1030842 | 00 | 1030842 |
| എസ്.ബ്.ടി.(എസ്.ബി) | 2221005 | 97724 | 2318729 | 402302 | 1916427 |
| രാമപുരം സർവ്വീസ് ബാങ്ക് | 363 | 11 | 374 | 00 | 374 |
| എസ്.ബി.ടി. ഇ-പേയ്മെന്റ് | 264569 | 2822015 | 3086584 | 1696655 | 1389929 |
| എസ്.എം., ജി.ബി. പ്ലാൻ | 492473 | 19353 | 511826 | 00 | 511826 |
| എസ്.എം.ജി. ബി. സാനിട്ടേഷൻ | 183468 | 00 | 183468 | 110880 | 72588 |
| എസ്.എം.ജി. ബി. ആയുർദളം | 19025 | 1439 | 20464 | 00 | 20464 |
| എസ്.എം.ജി. ബി. കുടുബശ്രീ | 140877 | 5536 | 146413 | 00 | 146413 |
| എസ്.എം.ജി. ബി. ഒ.എ.പി. | 41722 | 00 | 41722 | 00 | 41722 |
| കെ.ജി. ബി. എസ്. ജി. ആർ.വൈ | 2426 | 109 | 2535 | 00 | 2535 |
| ജോയ്ൻറ് വെഞ്ചർ | 348427 | 00 | 348427 | 00 | 348427 |
| ദുരിതാശ്വാസ നിധി | 00 | 100 | 100 | 00 | 100 |
| ജലനിധി(New) | 00 | 861654 | 861654 | 790105 | 71549 |
| ജലനിധി | 60515 | 00 | 60515 | 60515 | 00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 80867968 | 118 | 31006928 | 00 | 80 | 59.59% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്ബ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5894 | 1239637 | 1245531 | 889118 | 356418 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 9460564 | 9460564 | 9460564 | ഇല്ല |

MGNREGS-നേരിട്ട് നൽകൽ: Unskilled Wages-9143181, Semi Skilled And Skilled Wages-317383, Material-1637966ന് എന്നിങ്ങനെയാണ്. എന്നാൽ ഇൻകം &എക്സ്പെൻഡീച്ചർ പത്രികയിൽ 8162526 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 36720 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 1898400 | 320 |
| വിധവാ പെൻഷൻ | 7235400 | 1194 |
| വാർദ്ധക്യകാല പെൻഷൻ | 8859000 | 1578 |
| വികലാഗ പെൻഷൻ | 2581000 | 468 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 464400 | 79 |

## 1-8 മുൻ റിപ്പോർട്ടിൽ പരിഹരിച്ചതും/പരിഹരിക്കാത്തതുമായ പരാമർശങ്ങൾ

പുഴക്കാട്ടിരി ഗ്രാമ പഞ്ചാത്തിന്റെ 15.06.2019ലെ 2/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ 1996-97,98-99 വർഷത്തെ കണക്കുകളുടെ പരിശോധനയിൽ ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീക്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ശുപാർശകൾ ഓഡിറ്റ് വകുപ്പിലേക്ക് നൽകിയിട്ടില്ല. മുൻ റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ചു വരികയാണെന്ന് സെക്രട്ടറി അറിയിച്ചു. മുൻ റിപ്പോർട്ടുകളിൽ പരിഹരിക്കപ്പെടാത്ത 321 പരാമർശങ്ങളുണ്ട് . ഇവ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 അഭ്യന്തര നിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതികപരിശോധന നടത്തിയിട്ടില്ല.
2. നികുതി നിർണ്ണയിക്കുന്നതിലെ അപാകം കാരണം വരുമാനനഷ്ടം പഞ്ചായത്തിൽ ഉണ്ടാവുന്നുണ്ട്.
3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാവുന്നില്ല. യഥാസമയം യോഗം ചേരുന്നുണ്ടെങ്കിലും ക്രിയാത്മക നിർദ്ദേശങ്ങൾ സ്റ്റാന്റിംങ് കമ്മിറ്റികൾക്ക് സമർപ്പിക്കുന്നതായി കാണുന്നില്ല.

4)പദ്ധതികളുടെ രൂപികരണം മുതൽ പ്രൊജക്ട് നിർവഹണം വരെയുള്ള മുഴവൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിയ്ക്കേണ്ട സ്റ്റാൻറിംഗ് കമ്മറ്റികളുടെ പ്രവർത്തനവും തൃപ്തികരമാവുന്നില്ല.

5. വിവിധ ക്ഷേമ പദ്ധതികളുടെ രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.

6.ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. വായ്പ/വായ്പ തിരിച്ചടവ് രജിസ്റ്റർ കാലികമാക്കുന്നില്ല.

8. വിവരവകാശ നിയമ രജിസ്റ്റർ അപൂർണ്ണമാണ്. വിവരവകാശ നിയമം 2005 പ്രകാരം എന്താണ് ആവശ്യപ്പെട്ടതെന്നും എന്നാണ് മറുപടി നല്കിയതെന്നും രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. (1).ഉദാ:- ക്രമ 22 നം. 1958/04.05.19 കിഴക്കേതിൽ സുബൈർ,പനങ്ങാങ്ങര, രാമപുരം (2). ക്രമ നം. 23 നം. 2767/29.06.19 അബൂബക്കർ കണ്ണമ്പള്ളിയാലിൽ, പുഴക്കാട്ടിരി.ഇതിൽ സുബൈർ,പനങ്ങാങ്ങര, രാമപുരം അപേക്ഷ പ്രകാരം ആവശ്യപ്പെട്ട 2018-19 വർഷത്തിൽ IV-ാം വാർഡിൽ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ റോഡുകൾ ഏതെല്ലാമാണെന്നുള്ളതിന് പഞ്ചായത്ത് മറുപടി നൽകിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വിവരവകാശ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ക്രമ നം. 43 നം. 1500/20 /07.03.20സമീർ കറുത്തേങ്ങാടൻ, ക്രമ നം. 44 നം. 1507/20/07.03.20 സജീഷ്.ഇ. ഏലായിൽ വീട്, കടുങ്ങപുരം.എന്നിവരുടെ വിവരാവകാശ നിയമം പ്രകാരം ആവശ്യപ്പെട്ട അപേക്ഷ ഫയലിൽ ലഭ്യമല്ല. രജിസ്റ്ററും ഫയലും കാലികമാക്കേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.04.21മുതൽ 22.04.21 വരെ | 01.11.2020 മുതൽ 31.03.2021 വരെ | 22.04.2021 |
| | | | |

| | | | | |
|---|---|---|---|---|
| | എ.ജി. ഓഡിറ്റ് | 28.11.2009 മുതൽ 11.12.2009 വരെ | 2004-05മുതൽ 2008-09 വരെ | 11.01.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.

2. തനത് ഫണ്ട് ട്രഷറി അക്കൗണ്ടിന് പുറമെ ഒരു ദേശസാത്കൃത /സഹകരണബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് 26.5.2011 ലെ സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിക്കപ്പെട്ടതാണ്. ആയതിന് വിരുദ്ധമായി എസ്.ബി.ഐ.മക്കരപ്പറമ്പ്, രാമപുരം സർവീസ് സഹകരണ ബാങ്ക് , പെരിന്തൽമണ്ണ അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് എന്നിവയിൽ തനത് ഫണ്ട് സൂക്ഷിക്കുന്നു.

3. ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5.തൊഴിൽ നികുതി(ട്രേഡ്സ്)- ഡിമാൻറ് രജിസ്റ്ററും വാർഷിക കണക്കും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാൻറ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 388900 | 381650 | 7250 |
| രജിസ്ററർ | 390100 | 382650 | 7450 |

6 തൻവർഷത്തേക്കുള്ള ഡി&ഒ ലൈസൻസ് ഫീ- അഡ്വാൻസ് കളക്ഷൻ(2018-19AFS) 70200രൂപയാണ്. എന്നാൽ രജിസ്റ്ററിൽ ആയത് 68700 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

7.വസ്തു നികുതി- മാർച്ച്31 ന് സഞ്ചയ സംക്ഷിപ്തം പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. മാന്വൽ രീതിയിലും രേഖ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്ക് വിവരം ഒത്തു നോക്കാനായിട്ടില്ല.

8.MGNREGS-(ഭരണ ചെലവ് : വരവ് 1239637,ചെലവ് 889113) ,(നേരിട്ട് നൽകൽ: Unskilled Wages-9143181, Semi Skilled And Skilled Wages-317383, Material-1637966) എന്നിങ്ങനെയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിൽ 8162526 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

9.മുൻ വർഷ വാർഷിക കണക്ക് (22.8.2019ലെ കെ.എസ്.എ-എം.പി.എം22/1075/2019നം.റിപ്പോർട്ട് &2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ.I-11ലെ ക്രമ നമ്പർ 1മുതൽ 10വരെ(5,6 ഒഴികെ) അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.
10. ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലൂടെ സംയുക്ത പ്രൊജക്ടുകൾക്കു വേണ്ടി ലഭിക്കുന്ന തുകകൾ അക്കൗണ്ട് ചെയ്യുന്നില്ല.

## 1-12 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ(100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ, ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതും ചെറിയ മുറികളായി തിരിച്ചതുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി, കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും ഒരേ സമയം നടക്കുന്ന പ്രക്രിയയാണ്. കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ എന്ന് പ്രസ്തുത ചട്ടത്തിൽ എടുത്തു പറയുന്നതിൽ നിന്ന് 2011ലെ ചട്ടങ്ങൾ പ്രാബല്യത്തിലാകുന്ന വേളയിൽ നമ്പറുള്ള കെട്ടിടങ്ങൾ എന്നാണ് പരിഗണിക്കാനാവുക. പുതിയ കെട്ടിടങ്ങൾ നമ്പറിട്ട കെട്ടിടങ്ങളായി പരിഗണിച്ച് ചട്ടം 3(4) പ്രകാരം നികുതി ചുമത്തുന്നത് ചട്ടം 5(2)ന്റെ ലംഘനമായി മാറുകയാണ് ചെയ്യുന്നത്. പുതിയ കെട്ടിടങ്ങളെ സംബന്ധിച്ച് ചട്ടം 4(1) പ്രകാരമുള്ള ഉപയോഗതരം അനുസരിച്ച് ,ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കേണ്ടത് അനിവാര്യമാണ്. മാത്രവുമല്ല സെക്ഷൻ 203(9)പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ(2)ാം ഉപ വകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അധിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപ വിഭാഗങ്ങളോ (7)ാം ഉപ വകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അധിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം, പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. ഒരേ ഉപയോഗതരമായിട്ടും സെക്ഷൻ 203(9)ന് വിരുദ്ധമായി വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയിച്ചത് നിയമ വിരുദ്ധവും കൂടിയാണ്.ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചുു വഴി നികുതി നഷ്ടം സംഭവിക്കുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രം.നം. | പേര് | കെട്ടിട | തറ | നിർണ്ണയിച്ച | നിർണ്ണയി | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | നമ്പർ | വിസ്തീർണ്ണം ($M^2$) | നികുതി | ക്കേണ്ടത് | | |
|---|---|---|---|---|---|---|---|---|
| | 1 | ശ്രീ. റഷീദ്.വി, വാരിയത്തൊടി | XI/207B | 65.0 | (65*30)+20% Of (65*30)+LC 5% Of Tax =2340+117 =2457 | (65*50)+20% Of (65*50)+LC5% Of Tax =3900+195 =4095 | 1560+78=1638 | |
| | | | XI/207C | 44.64 | (44.64*30)+20% Of (44.64*30)+LC 5% Of Tax =1608+81 =1689 | (44.64*50)+20% Of (44.64*50) +LC5% Of Tax =2679+134 =2813 | 1071+53=1124 | |
| | | | XI/207D | 55.58 | (55.58*30)+20% Of (55.58*30)+LC 5% Of Tax =2001+101 =2102 | (55.58*50)+20% Of (55.58*50) +LC5% Of Tax =3335+167 =3502 | 1334+66=1400 | |
| | | | XI/207E | 67.71 | (67.71*30)+20% Of (67.71*30)+LC 5% Of Tax =2438+122 =2560 | (67.71*50)+20% Of (67.71*50) +LC5% Of Tax =4063+203 =4266 | 1625+81=1706 | Ground Floor<br>ഇളവ്: 0%<br>വർദ്ധനവ്: 20% |
| | | | XI/207F | 68.86 | (68.86*30)+20% Of (68.86*30)+LC 5% Of Tax =2479+124 =2603 | (68.86*50)+20% Of (68.86*50) +LC5% Of Tax =4132+207 =4339 | 1653+83=1736 | |
| | | | XI/207G | 44.62 | (44.62*30)+20% Of (44.62*30)+LC 5% Of Tax =1607+81 =1688 | (44.62*50)+20% Of (44.62*50) +LC5% Of Tax =2678+134 =2812 | 1071+53=1124 | |
| | | | XI/207H | 64.97 | (64.97*30)+20% Of (64.97*30)+LC 5% Of Tax =2339+117 =2456 | (64.97*50)+20% Of (64.97*50)+ LC5% Of Tax =3899+195 =4094 | 1560+78=1638 | |
| | | | XI/207J | 82.13 | (82.13*30)+20% Of (82.13*30) – [0.05* (82.13*30)+20%Of (82.13*30)] + LC 5% Of Tax =2810+141=2951 | (82.13*50)+20% Of (82.13*50) – [0.05* (82.13*50)+20%Of (82.13*50)] + LC 5% Of Tax= 4682+234 =4916 | 1872+93=1965 | First Floor<br>ഇളവ്: 0%<br>വർദ്ധനവ്: 20%<br>നിലകൾക്ക് ഇളവ്: 5% |
| | | | XI/207K | 61.76 | (61.76*30)+20% Of (61.76*30) – [0.05* (61.76*30)+20%Of (61.76*30)] + LC 5% Of Tax =2113+106=2219 | (61.76*50)+20% Of (61.76*50) – [0.05* (61.76*50)+20%Of (61.76*50)] + LC 5% Of Tax= 3521+176=3697 | 1408+70=1478 | First Floor<br>ഇളവ്: 0%<br>വർദ്ധനവ്: 20%<br>നിലകൾക്ക് ഇളവ്: 5% |
| | | | XI/207L | 78.8 | (78.8*30)+20% Of (78.8*30) – [0.15* (78.8*30)+ 20%Of(78.8*30)] + LC 5% Of Tax =2412+121=2533<br>(ചട്ട വിരുദ്ധമായ ഇളവ് ഇല്ലെങ്കിൽ 2695+135=2830) | (78.8*50)+20% Of (78.8*50) – [0.05* (78.8*50)+20%Of (78.8*50)] + LC 5% Of Tax= 4492+225=4717 | 2080+104=2184 | First Floor<br>ഇളവ്: 0%<br>വർദ്ധനവ്: 20%<br>നിലകൾക്ക് ഇളവ്: 5%<br>(ചട്ട വിരുദ്ധമായി 10% അധികം ഇളവ് നൽകിയിരിക്കുന്നു) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | XI/207M | 84.87 | (84.87*30)+20% Of (84.87*30) – [0.20*(84.87*30)+ 20%Of(84.87*30)] + LC 5% Of Tax =2445+123=2568 (ചട്ട വിരുദ്ധമായ ഇളവ് ഇല്ലെങ്കിൽ 2903+145=3048) | (84.87*50)+20% Of (84.87*50) – [0.05* (84.87*50)+20%Of (84.87*50)] + LC 5% Of Tax= 4838+242=5080 | 2393+119=2512 | First Floor ഇളവ്: 0% വർദ്ധനവ്: 20% നിലകൾക്ക് ഇളവ്: 5% (ചട്ടവിരുദ്ധമായി 15%അധികം ഇളവ് നൽകിയിരിക്കുന്നു) |
| | | XI/207N | 86.05 | (86.05*30)+20% Of (86.05*30) – [0.25*(86.05*30)+ 20%Of(86.05*30)] + LC 5% Of Tax =2324+117=2441 (ചട്ട വിരുദ്ധമായ ഇളവ് ഇല്ലെങ്കിൽ 2943+147=3090) | (86.05*50)+20% Of (86.05*50) – [0.05* (86.05*50)+20%Of (86.05*50)] + LC 5% Of Tax= 4905+245=5150 | 2581+128=2709 | First Floor ഇളവ്: 0% വർദ്ധനവ്: 20% നിലകൾക്ക് ഇളവ്: 5% (ചട്ട വിരുദ്ധമായി 20% അധികം ഇളവ് നൽകിയിരിക്കുന്നു) |
| | | XI/207P | 61.76 | (61.76*30)+20% Of (61.76*30) – [0.25* (61.76*30)+20%Of (61.76*30)] + LC 5% Of Tax =1668+84=1752 (ചട്ട വിരുദ്ധമായ ഇളവ് ഇല്ലെങ്കിൽ 2113+106=2219) | (61.76*50)+20% Of (61.76*50) – [0.05* (61.76*50)+20%Of (61.76*50)] + LC 5% Of Tax= 3521+176=3697 | 1853+92=1945 | First Floor ഇളവ്: 0% വർദ്ധനവ്: 20% നിലകൾക്ക് ഇളവ്: 5% (ചട്ട വിരുദ്ധമായി 20% അധികം ഇളവ് നൽകിയിരിക്കുന്നു) |
| | | XI/207Q | 82.13 | (82.13*30)+20% Of (82.13*30) – [0.25* (82.13*30)+20%Of (82.13*30)] + LC 5% Of Tax =2218+111=2329 (ചട്ട വിരുദ്ധമായ ഇളവ് ഇല്ലെങ്കിൽ 2810+141=2951) | (82.13*50)+20% Of (82.13*50) – [0.05* (82.13*50)+20%Of (82.13*50)] + LC 5% Of Tax= 4682+234 =4916 | 2464+123=2587 | First Floor ഇളവ്: 0% വർദ്ധനവ്: 20% നിലകൾക്ക് ഇളവ്: 5% (ചട്ട വിരുദ്ധമായി 20% അധികം ഇളവ് നൽകിയിരിക്കുന്നു) |
| | | XI/207R | 33.28 | (33.28*30)+20% Of (33.28*30) – [0.10* (33.28*30)+20%Of (33.28*30)] + LC 5% Of Tax =1080+54=1134 (ചട്ട വിരുദ്ധമായ ഇളവ് ഇല്ലെങ്കിൽ 1139+57=1196) | (33.28*50)+20% Of (33.28*50) – [0.05* (33.28*50)+20%Of (33.28*50)] + LC 5% Of Tax= 1897+95=1992 | 817+41 =858 | First Floor ഇളവ്: 0% വർദ്ധനവ്: 20% നിലകൾക്ക് ഇളവ്: 5% (ചട്ട വിരുദ്ധമായി 5% അധികം ഇളവ് നൽകിയിരിക്കുന്നു) |
| | | ആകെ | 982.16 | 31882+1600= 33482 | 57224+2862= 60086 | 2534+ 1262= 26604 | |

ശ്രീ. റഷീദ്.വി, വാരിയത്തൊടിയുടെ XI/207L മുതൽ XI/207R വരെയുള്ള ഒന്നാം നിലയിലെ കെട്ടിട നമ്പറുകൾക്ക് ഒന്നാം നിലക്ക് അർഹമായ 5% നികുതിയിളവിനു പകരം 10 മുതൽ 25 വരെ ശതമാനം നികുതിയിളവ് ചട്ടവിരുദ്ധമായി നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച 30രൂപ നികുതി നിരക്ക് പ്രകാരം നിർണ്ണയിച്ചതിൽ പ്രസ്തുത 6കെട്ടിടങ്ങൾക്ക് 2456രൂപ വസ്തു നികുതിയും 121രൂപ ലൈബ്രറി സെസ്സും കുറവു വന്നിട്ടുണ്ട്. [(2695+2903+2943+2113+2810+1139) –(2412+2445+2324+1668+2218+1080) = 14603–12147=2456] , [(135+145+147+106+141+57)–(121+123+117+84+111+54)=121] (ആകെ 2456+121=2577)

മേൽ ഉദാഹരണത്തിനു പുറമെ 1)ശ്രീ.അബ്ദുറസാഖ്, ഉരുണിയേങ്ങൽ(VII/9B മുതൽ E വരെ), 2)കുഞ്ഞിമുഹമ്മദ് കുട്ടക്കാടൻ(XV/426C മുതൽ G വരെ), 3)ശ്രീ.മുഹമ്മദ് അബ്ദുല്ല. കളക്കണ്ടത്തിൽ (X/481Bമുതൽ Lവരെ), 4).ശ്രീ.ഷൗക്കത്തലി, ചാട്ടുപോക്കിൽ (I/3Bമുതൽ Lവരെ), 5).ശ്രീ.അബ്ദുൽ റഷീദ് പൂളക്കണ്ണി(XV/Aമുതൽ U വരെ) 6).ശ്രീ.കുഞ്ഞയമ്മു മുതൽപേർ ആറുകാട്ടിൽ( XVI/339A, B), 7)ശ്രീ.മൊയ്തി &യൂസഫ് കല്ലൻ കുന്നൻ (VII/141B,C,D,E), 8)ശ്രീ.മുസ്ഥഫ,തോട്ടത്തൊടി(I/282C,D,F,G,(H,J-താമസം)) എന്നിവരുടെ ആകെ പ്ലിന്ത്/ബിൽട്ട് അപ്പ് ഏരിയ 100ച.മീറ്ററിലധികമുള്ള കെട്ടിടങ്ങൾക്കും 30രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചത് ശ്രദ്ധയിൽ വന്നിട്ടുണ്ട്. തൻ വർഷത്തെ ഒരൊറ്റ ഉദാഹരണത്തിൽ മാത്രം കാൽ ലക്ഷം രൂപയുടെ നികുതി നഷ്ടം വരുന്നു. മുൻ വർഷങ്ങളിൽ ചട്ടവിരുദ്ധമായി നിർണ്ണയിച്ച കെട്ടിടങ്ങളിൽ നിന്നടക്കം ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയുടെ നികുതി ചോർച്ചയ്ക്ക് ചട്ട വിരുദ്ധമായ ഈ നികുതി നിർണ്ണയം കാരണമാകുന്നുണ്ട്.ഭാവിയിലെ നികുതി പരിഷ്കരണങ്ങളിലും ഈ നഷ്ടവും അനന്തരഫലവും തുടരാൻ സാധ്യതയേറെയാണ്.

നികുതി നിർണ്ണയത്തിന് ലഭിക്കുന്ന അപേക്ഷകളിൽ ഇപ്രകാരമുള്ള പുതിയ കെട്ടിടങ്ങൾക്ക് നിലവിൽ നികുതി നിർണ്ണയിക്കുന്നത് 50/- രൂപ നിരക്കിലാണെന്ന് വാക്കാൽ അറിയിച്ചു.

കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്.ചില വർഷങ്ങളിൽ 30രൂപയിലും മറ്റു വർഷങ്ങളിൽ50രൂപ നിരക്കിലും ഒരേ ഉപയോഗതരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വിവേചനപരവും 203(3) വകുപ്പിന്റെ ലംഘനവുമാണ്.

100ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(1),5(2) എന്നിവയ്ക്കനുസൃതമായി 50/- രൂപ അടിസ്ഥാന നികുതി പരിഗണിക്കാതെ 30/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചത് സംബന്ധിച്ചും നിലകൾക്ക് നൽകിയ ഇളവിലെ അപാകത സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി(നമ്പർ 22/24.6.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പരാമർശിച്ച 9 ഉടമകളുടെയും കെട്ടിടങ്ങൾക്ക് ചട്ടം 4(1),5(2) എന്നിവയ്ക്കനുസൃതമായി 50/- രൂപ അടിസ്ഥാന നികുതിയിൽ നികുതി നിർണ്ണയം നടത്തി കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് ലംഘനം പരിഹരിക്കുന്നതിന് 2011ലെ ചട്ടം പ്രാബല്യത്തിലായ ശേഷം ഇപ്രകാരം ചട്ടവിരുദ്ധമായി നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതാണ്.

ശ്രീ. റഷീദ്.വി, വാരിയത്തൊടിയുടെ XI/207L മുതൽ XI/207R വരെയുള്ള ഒന്നാം നിലയിലെ കെട്ടിട നമ്പറുകൾക്ക് ഒന്നാം നിലക്ക് അർഹമായ 5% നികുതിയിളവിനു പകരം ചട്ടവിരുദ്ധമായി നൽകിയ 10 മുതൽ 25 വരെ ശതമാനം ഇളവുകൾ റദ്ദാക്കി ചട്ടപ്രകാരം നികുതി നിർണ്ണയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികളിലെ അപാകതകൾ - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 28061 രൂപ ഗ്രാമപഞ്ചായത്തിൽ തിരിച്ചടവാക്കി.

I. പഞ്ചായത്ത് ഓഫീസിൽ ടോയ്‌ലറ്റ് നിർമ്മാണം - അധികം നൽകിയ 5268 രൂപ തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസിൽ ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ( 186/20) ഇനം 12 പ്രകാരം ജനൽ കമ്പി (MS Bar) ഉപയോഗിച്ചത് 6.90Kg ആണ്. ആയതിന് 84.82/Kg പ്രകാരം നൽകാവുന്ന നിരക്ക് 585.25 രൂപ മാത്രമാണ്. എന്നാൽ പ്രവൃത്തിക്ക് 5852.58 രൂപ കരാറുകാരന് നൽകിയിരുന്നു.

ഓഡിറ്റ് എൻക്വയറി 8 /21.6.2021 നൽകിയതിനെ തുടർന്ന് അധികം നൽകിയ 5268 രൂപ 121010100577/22.6.2021 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. പ്രസ്തുത തുക സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

II. GST നിരക്ക് കണക്കാക്കിയതിലെ അപാകത - അധികം നൽകിയ 22447 രൂപ തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 5 മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയോടൊപ്പം 12% GST കൂടി കൂട്ടി നൽകിതിലെ അപാകതകൾ കാരണം കരാറുകാർക്ക് 22447 രൂപ അധികം നൽകിയിരുന്നു.9/21.6.21 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പ്രസ്തുത തുക 121010100602/23.6.21 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കുകയുണ്ടായി.

ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് ടെണ്ടർ കുറവ് കിഴിച്ചതിന് ശേഷമുള്ള തുകയുടെ 12% തുകയാണ് GST ആയി ബിൽ തുകയിൽ കൂട്ടി നൽകേണ്ടത്. എന്നാൽ മൂല്യ നിർണ്ണയ തുകയുടെ 12% തുക (ടെണ്ടർ കുറവ് കിഴിവ് വരുത്താതെ) കരാറുകാർക്ക് നൽകിയത് വഴിയാണ് അപാകത സംഭവിച്ചത്.

III. ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതിൽ കുറവ് - 346 രൂപ തിരിച്ചടവാക്കി

3.12.2019 തീയ്യതി ടെണ്ടർ ഫോം വിലയായി 50579/85-99 വരെയുള്ള രസീതുകൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ കളക്ട് ചെയ്തത് 24337 രൂപയായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയത് 23991 രൂപ മാത്രമാണ്. 15 /23.6.2021 നമ്പറായി ഓഡിറ്റ് എൻക്വയറിനൽകിയതിനെ തുടർന്ന് കുറവായി അടവാക്കിയ 346 രൂപ 121010100609/24.6.2021 നമ്പർ രസീത് ഗ്രാമപഞ്ചായത്തിൽ തിരിച്ചടവാക്കി.
അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ലഭിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനമായ ഈ തുക എത്രയും വേഗം തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 2019-20 വർഷത്തിൽ ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാർ തുക | പങ്കെടുത്തവർ | ടെണ്ടർ ഫോം വില | ആകെ |
|---|---|---|---|---|---|
| 1 | GLPസ്കൂൾ ചൊവ്വാണ പുനരുദ്ധാരണം (87/20) | 500000 | 2 പേർ | 1000 | 2000 |
| 2 | ചെകിടിപ്പറമ്പ് റോഡ് പുനരുദ്ധാരണം (19/20) | 575000 | 2പേർ | 1150 | 2300 |
| 3 | പള്ളിക്കുളമ്പ് അംഗൻവാടി കെട്ടിട നിർമ്മാണം (203/20) | 1300000 | 4പേർ | 2500 | 10000 |
| 4 | ചെട്ടിയാരങ്ങാടി അംഗൻവാടി കെട്ടിട നിർമ്മാണം (204/20) | 1300000 | 2പേർ | 2500 | 5000 |
| 5 | കരുമാടിക്കുളമ്പ് അംഗൻവാടി കെട്ടിട നിർമ്മാണം (205/20) | 1300000 | 3പേർ | 2500 | 7500 |
| 6 | (പടിഞ്ഞാറം പള്ള്യാൽ റോഡ് പുനരുദ്ധാരണം 25/20) | 600000 | 2പേർ | 1200 | 2400 |
| 7 | രാമപുരം AMLP സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം (194/20) | 550000 | 3പേർ | 1100 | 3300 |
| 8 | NH രാമപുരം - മേലേചോല റോഡ് അഭിവൃദ്ധിപ്പെടുത്തൽ (34/20) | 650000 | 2പേർ | 1300 | 2600 |
| 9 | കല്ലറാംകുന്ന് കോളനി അഭിവൃദ്ധിപ്പെടുത്തൽ (114/20) | 500000 | 3പേർ | 1000 | 3000 |
| 10 | ഭിന്നശേഷി കുട്ടികൾക്ക് കെട്ടിട നിർമ്മാണം (191/20) | 1254000 | 2പേർ | 2500 | 5000 |
| 11 | പനങ്ങാങ്ങര 38 മേലേടത്ത് വയറക്കാട് റോഡ് പുനരുദ്ധാരണം (20/20) | 698000 | 2പേർ | 1396 | 2792 |
| | ആകെ | | | | 45892 |

10 /21.6.2021 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - പ്രസ്തുത തുക തിരികെ ലഭിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.

## 1-15 ചെലവുകൾക്കാധാരാമായ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നം | ബില്ലിന്റെ വിവരം | വൗച്ചർ നം./ബിൽ നം.തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(പ്രൊജക്ട് നം.86/20) | 18/19-20 തി.26.2.20 | 5520 വികസനഫണ്ട്(ജനറൽ) | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |
| 2 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(പ്രൊജക്ട് | 19/19-20 തി.17.3.20 | 181999 വികസനഫണ്ട്(ജനറൽ) | വിനിയോഗ / പൂർത്തീകരണ |

| | | | | |
|---|---|---|---|---|
| | നം.219/20) KSEB ക്ക് നൽകിയത് | | | സാക്ഷ്യപത്രം ഇല്ല |
| 3 | സമ്പൂർണ്ണ വൈദ്യുതീകരണം ലൈൻനീട്ടൽ KSEB ക്ക് നൽകിയത് (പ്രൊജക്ട് നം.193/20) | 21900567/13.11.19 | 50000 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |
| 4 | പഞ്ചായത്ത് ഭവൻ കെട്ടിട നിർമ്മാണം സംഭാവന പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന് നൽകിയത് | 21900738/9.1.20 | 25000 | രസീത് ഇല്ല |
| 5 | GLP S പലകപ്പറമ്പ് കുഴൽ കിണ്ര നിർമ്മാണ്ം ഭൂജല വകുപ്പിന് നൽകിയത്(പ്രൊജക്ട് നം 92/19-20) | 21900800/28.1.20 | 62216 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |
| 6 | GLP S ചെവ്വണകുഴൽ കിണ്ര നിർമ്മാണ്ം ഭൂജല വകുപ്പിന് നൽകിയത്(പ്രൊജക്ട് നം 200/19-20) | 21900866/19.2.2020 | 44310 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |
| 7 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(പ്രൊജക്ട് നം208/19-20)KSEBയിൽ നിക്ഷേപിച്ച തുക | 21901002/31.3.2020 | 1130740 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |

ആകെ 1499785

രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.12/22.6.21) നൽകിയതിന് രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -പഠന രേഖകൾ ഹാജരാക്കിയില്ല.

ബിൽ 6/25.2.2020.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (3/20) എന്ന പദ്ധതി പ്രകാരം 15000 രൂപ ധനസഹായം കൈപറ്റിയ ശ്രീമതി. സ്നേഹ.വി.പി എന്ന വിദ്യാർത്ഥിനി മൗലാന കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസ് എന്ന സ്ഥാപനത്തിൽ Diploma In Radio Technology (DRT) എന്ന കോഴ്സിന് 2018-19 ൽ (രണ്ടാം വർഷം ) പഠിച്ചിരുന്നു എന്നതിന്റെ രേഖയാണ് ഹാജരാക്കിയിട്ടുള്ളത്.
2019-20 ൽ കോഴ്സിന് പഠിക്കുന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് 18 /24.6.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - രണ്ട് വർഷത്തെ Diploma In Radio Technology (DRT) എന്ന കോഴ്സിന് (കാലയളവ് 2017-20) പ്രസ്തുത വിദ്യാർഥിനി ഈ സ്ഥാപനത്തിൽ പഠിച്ചിരുന്നു എന്നും, 2020 ജനവരിയിൽ നടത്തിയ പരീക്ഷ വിദ്യാർത്ഥിനി പാസായിട്ടുണ്ട് എന്നും കാണിക്കുന്ന പുതിയ ഒരു സാക്ഷ്യപത്രം മൗലാന കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസ് എന്ന സ്ഥാപനം ലഭ്യമാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കുകയുണ്ടായി.
സ്ഥാപനം പുതിയതായി ലഭ്യമാക്കിയ രേഖകൾ പ്രകാരം 2017-18 അധ്യായന വർഷത്തിലാണ് വിദ്യാർത്ഥിനിയുടെ കോഴ്സ് ആരംഭിച്ചത് എന്ന് വ്യക്തമാവുന്നു. 2017-18 ൽ ആരംഭിച്ച രണ്ട് വർഷ കോഴ്സ് 2018-19 ൽ സ്വാഭാവികമായും അവസാനിക്കേണ്ടതാണ്. ആയതിനാൽ 2019-20 വർഷത്തിൽ ഈ വിദ്യാർത്ഥിനിക്ക് ധനസഹായത്തിന് അർഹതയില്ല.

അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും, 2019-20 ൽ ധന സഹായത്തിന് അർഹതകാണിക്കുന്ന രേഖകളും, 2017-18 ൽ ഈ വിദ്യാർത്ഥിനിക്ക് മേൽ പരാമർശിച്ച കോഴ്സിന് ധനസഹായം നൽകിയിട്ടില്ല എന്നതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 15000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-17 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നിർവ്വഹണം - അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 122 പ്രൊജക്റ്റുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 64 പ്രൊജക്റ്റുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷം ചെലവ് വന്നിട്ടുള്ളത്.25 പ്രോജക്റ്റുകൾ ഓഡിറ്റ് വർഷം പൂർത്തീകരിക്കാനായിട്ടില്ല. 35 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയിരുന്നെങ്കിലും ഇതിൽ 3പദ്ധതികൾ ഈ വർഷവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 122 | ആകെ അടങ്കൽ | 31098620 |
| നടപ്പിലാക്കിയത് | 64 | ചെലവ് | 10948885 |
| ശതമാനം | 52.46% | ചെലവ് ശതമാനം | 35.21% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്റ്റുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്റ്റിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്റ്റിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

III .പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലയളവ് എഗ്രിമെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല.തുടർന്നുള്ള വർഷങ്ങളിൽ പ്രവൃത്തി നടത്തിപ്പിൽ PWD മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

IV. ടെണ്ടർ ഫോം വില അധിക നിരക്കിൽ വാങ്ങുന്നു.

GO (P) 429/15 Fin Dt 28.9.2015 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ ഫോം വില 50000 രൂപ വരെയുള്ള പ്രവൃത്തികൾക്ക് 300 രൂപയും, 50000 രൂപ മുതൽ 10 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തുകയുടെ 0.2% (Minimum 500 Maximum 2000) രൂപയും ആണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവൃത്തികൾക്ക് 0.21% നിരക്കിലാണ് ടെണ്ടർ ഫോം വില ഈടാക്കിയിട്ടുള്ളത്.

ക്രമ നമ്പർ IV പ്രകാരമുള്ള പരാമർശത്തിന് തുടർ വർഷങ്ങളിൽ 0.2% നിരക്കിൽ മാത്രം ടെണ്ടർ ഫീ ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

## 1-18 ക്ഷീര കർഷകർക്ക് സബ്സിഡി അധിക നിരക്കിൽ നൽകി-86,183 രൂപ തടസ്സം ചെയ്യുന്നു.

പ്രൊജക്റ്റ് : ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

നം : S0127/2020

അടങ്കൽ - 4,54,650

(വികസന ഫണ്ട് - 2,54,650 ; ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,00,000 )

ബിൽ നം.01/24-10-2019 : 2,00,000

ബിൽ നം.02/24-10-2019 : 1,53,179

ബിൽ നം.03/20-01-2020 : 1,01,471

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 4,54,650 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററിനു 4 രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ/14.02.18-ലെ ഭാഗം 6.2.8 നിർദ്ദേശിക്കുന്നത്. എന്നാൽ സബ്സിഡി ഇനത്തിൽ 3,44,733 വിതരണം ചെയ്തത് ലിറ്ററിന് 4 രൂപ നിരക്കിലും ക്ഷീര വികസന വകുപ്പ് നൽകേണ്ട ഒരു രൂപ ഉൾപ്പെടാതെയുമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അനുമതി ഇല്ലാതെ 3 രൂപ നിരക്കിൽ അധികമായി നൽകിയ (344733/4) 86,183 രൂപ തടസ്സം ചെയ്യുന്നു.

## 1-19 സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ ടെണ്ടറുകളിലെ വിജയികളായ Bidderമാരിൽ നിന്നും ഇപ്രകാരം പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല.

1. പ്രൊജക്ട് : പനങ്ങാങ്ങര ജി.യു.പി.സ്കൂൾ- ഐ.ടി.ലാബ് ഉപകരണങ്ങൾ വാങ്ങൽ

നം : S0150/2020

അടങ്കൽ - 6,00,000 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്- 1,00,000 ; എം.ജി. NR- 5,00,000)

ബിൽ നം. 03/22-07-2019 : 1,53,803 (ശ്രീ. എം.കെ. യാക്കൂബ്)

2. പ്രൊജക്ട് : കടുങ്ങപുരം ഗവ. ഹൈസ്കൂളിലെ എൽ.പി./യു.പി. വിഭാഗത്തിന് ഫർണിച്ചർ വാങ്ങൽ

നം : S0125/2020

അടങ്കൽ - 1,50,000 (എം.ജി-എൻ.ആർ)

ബിൽ നം. 06/13-03-2020 : 1,45,800 (സഫാ സ്റ്റീൽ പ്രൊഡക്ട്സ്, കണ്ണമംഗലം)

3. പ്രൊജക്ട് : ഗവ. എൽ.പി. സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ

നം : S0129/2020

അടങ്കൽ - 1,50,000 (എം.ജി-എൻ.ആർ)

ബിൽ നം. 05/13-03-2020 : 1,46,400 (സഫാ സ്റ്റീൽ പ്രൊഡക്ട്സ്, കണ്ണമംഗലം)

G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 7-13 പ്രകാരം 1,00,000രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം ദിനപ്പത്രത്തിലും പരസ്യം നൽകേണ്ടതുണ്ട്. എന്നാൽ ഒരു മലയാളം പത്രത്തിൽ മാത്രമാണ് പരസ്യം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/21-06-2021) മറുപടിയായി മേലിൽ ഈ അപാകതകൾ ആവർത്തിക്കില്ലെന്നും, ഇപ്രകാരമുള്ള കരാറുകളിൽ പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കുന്നതാണെന്നും വ്യാപകമായ പരസ്യം നൽകുന്നതാണെന്നും നിലവിൽ കരാർ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത തടസ്സത്തിൽ നിന്ന് ഒഴിവാക്കണമെന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ (എസ്.സി- ലൈഫ്)

നം : S0107/2020

അടങ്കൽ - 3,25,000 (എസ്.സി.പി )

ബിൽ നം. 02/13-12-2019 : 25,000

ബിൽ നം. 06/30-01-2020 : 1,00,000

ബിൽ നം. 09/03-03-2020 : 25,000

പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് 25,000 രൂപ നിരക്കിലാണ് ധനസഹായം നൽകിയിട്ടുള്ളത്.

2) പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ (ജനറൽ- ലൈഫ്)

നം : S0108/2020

അടങ്കൽ - 13,60,000 (വികസന ഫണ്ട്- 6,60,000 ; തനത് ഫണ്ട് - 7,00,000)

ബിൽ നം. 01/23-11-2019 : 2,67,000

ബിൽ നം. 04/19-12-2019 : 3,23,000

ബിൽ നം. 07/05-02-2020 : 70,000

ചെക്ക് നം. 2225187/17-02-2020 : 90,000

ചെക്ക് നം. 2225181/23-01-2020 : 1,35,000

ചെക്ക് നം. 2225194/17-03-2020 : 76,100

ചെക്ക് നം. 1602106/30-03-2020 : 80,000

14.2.2018ലെ ജി.ഒ.(എം.എസ് )22/2018/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ എന്നീ പദ്ധതികൾക്ക് ധനസഹായം നൽകാനാണ് വ്യവസ്ഥ ഉള്ളത്.

വി.ഇ.ഒ. നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എന്ന മേൽ പദ്ധതികൾ പ്രകാരം വീടിന്റെ മേൽക്കൂര മാറ്റിയതിനും, മേൽക്കൂരയിൽ അറ്റകുറ്റപണി ചെയ്തതിനുമാണ് പ്രധാനമായും ധനസഹായം ചെയ്തിട്ടുണ്ട്.

മേൽ പദ്ധതികളിലെ രൂപീകരണം, നിർവ്വഹണം എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു -

1. ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമല്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. പ്രസ്തുത പദ്ധതിയിൽ ജനറൽ വിഭാഗത്തിന് പരമാവധി 100000 രൂപയും, പട്ടികജാതി വിഭാഗത്തിന് 150000 രൂപയും നൽകാവുന്നതാണ്. എന്നാൽ ജനറൽ ഗുണഭോക്താക്കൾക്ക് പരമാവധി 20000 രൂപ വീതവും, എസ്.സി ഗുണഭോക്താക്കൾക്ക് 25,000 രൂപയും മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത തുക മതിയായതല്ല എന്നതിനാൽ, ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ പിഴവാണ് ആയത് സൂചിപ്പിക്കുന്നത്.

3. വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഗുണഭോക്താക്കളുടെ വീട് എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം ഓരോരുത്തർക്കും ആവശ്യമായ സബ്സിഡി തുക നിശ്ചയിക്കേണ്ടതെന്നും, ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരിക്കണം തുക നൽകേണ്ടതെന്നും സബ്സിഡി മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടില്ല.

4. തനത് ഫണ്ട് വരവ് ചെലവുകൾ വി.ഇ.ഒ. കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഹരിത കർമ്മസേന പ്രവർത്തനം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1.അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിത കർമ്മസേന പ്രവർത്തനം (147/20) എന്ന പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ MCF കേന്ദ്രത്തിൽ ഉണ്ടായിരുന്ന മാലിന്യങ്ങൾ നീക്കം ചെയ്തതിന് എക്കോ ഗ്രീൻ കോട്ടക്കൽ എന്ന സ്ഥാപനത്തിന് 309/4.5.2019 നമ്പർ ചെക്ക് പ്രകാരം 84000 രൂപ (നികുതികൾ കുറച്ച ശേഷം 82320രൂപ) നൽകിയിട്ടുണ്ട്. 16.4.2019, 17.4.2019, 19.4.2019 തീയ്യതികളിൽ പാഴ് വസ്തുക്കൾ നീക്കം ചെയ്തതായാണ് മേൽ സ്ഥാപനം ബില്ലിൽ കാണിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം പാഴ്വസ്തുക്കൾ നീക്കം ചെയ്തതായി ഹരിത കർമ്മസേന സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. 1423/27.9.2019 നമ്പർ ചെക്ക് പ്രകാരം 25000 രൂപ എക്കോ ഗ്രീൻ കോട്ടക്കൽ എന്ന സ്ഥാപനത്തിന് പാഴ്വസ്തുക്കൾ നീക്കം ചെയ്തതിന്റെ വിലയായി നൽകിയിട്ടുണ്ട്. എന്നാൽ ഏത് തീയ്യതിയിൽ ആണ് ഇവ നീക്കം ചെയ്തത് എന്നതിന്റെ വിവരം ഫയലിൽ ഇല്ല. ഒരു ലോഡ് പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിന് 28000 രൂപയാണ് കരാർ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് നൽകേണ്ടത്. എന്നാൽ 3000 രൂപ കുറച്ച് നൽകാനിടയായ സാഹചര്യം എന്താണെന്ന് എവിടെയും രേഖപ്പടുത്തിയിട്ടില്ല. ഈ തുകയുടെ കൈപറ്റ് ലഭ്യമാക്കിയിട്ടുമില്ല.

ഈ തുകയുടെ വിവരം അസിസ്റ്റന്റ് സെക്രട്ടറിയുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3. തുടർന്നുള്ള മാസങ്ങളിൽ മാലിന്യങ്ങൾ നീക്കം ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ മുടങ്ങിയതിന്റെയും മാലിന്യ സംസ്കരണത്തിന് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 107320 (82320 + 25000) രൂപ തടസ്സം ചെയ്യുന്നു.

17 /24.6.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് ഹരിത കർമ്മസേന പ്രവർത്തനം സംബന്ധിച്ച ഫയലുകൾ പരിശോധനയിൽ കണ്ടെത്താനായില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി കോളനിയിലേക്ക് KWA പൈപ്പ്ലൈൻ നീട്ടൽ ( 146/20) എന്ന പ്രൊജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ മുത്തങ്ങപ്പറമ്പ്, നേമത്ത്കുഴി എന്നീ കോളനികളിലെ 31 വീടുകളിലേക്ക് പൈപ്പ്ലൈൻ കണക്ഷൻ നൽകുന്ന പ്രവൃത്തിക്കായി 440000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരം നാളിത് വരെയും ലഭ്യമായിട്ടില്ല.

പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി 1.8.19 ന് 1/19-20 ആയി ഒപ്പ് വെച്ച കരാർ പ്രകാരം 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയ്യതിവരെയും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് യാതൊരു അന്വേഷണം നടത്തിയതായും കാണുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരവും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെ വിവരവും ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 440000 രൂപ തടസ്സം ചെയ്യുന്നു.

വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>പ്രൊജക്റ്റ്</th><th>ബിൽ നമ്പർ</th><th>തുക</th><th>സ്ഥാപനം</th></tr>
<tr><td rowspan="2">പട്ടികജാതി കോളനിയിലേക്ക് KWA പൈപ്പ്ലൈൻ നീട്ടൽ ( 146/20)<br>ഫണ്ട് വികസന ഫണ്ട് SCP</td><td>4/30.7.2019<br>BRN നമ്പർ 19151152010100040485/ 5.4.2019</td><td>261500</td><td rowspan="2">എക്സിക്യൂട്ടീവ് എഞ്ചിനീയർ, PH ഡിവിഷൻ, മലപ്പുറം.</td></tr>
<tr><td>3/30.7.2019<br>BRN നമ്പർ 19151152010100385323/25.7.2019</td><td>178500</td></tr>
<tr><td colspan="2">ആകെ</td><td>440000</td><td></td></tr>
</table>

16 /23.6.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് വാട്ടർ അതോറിറ്റിക്ക് 23.6.2021 തീയ്യതി കത്ത് നൽകിയതിന്റെ പകർപ്പ് ഹാജരാക്കി.

## 1-23 ഗ്രാമ സഭ യോഗം-സംബന്ധിച്ച്

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പല ഗ്രാമസഭ യോഗങ്ങളും നടത്തിയിരിക്കുന്നത് എന്ന് വ്യക്തമായി.

1)1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കൽ എങ്കിലും യോഗം ചേരേണ്ടതാണ്.എന്നാൽ 2019-20 വർഷത്തിൽ ആകെ 2 ഗ്രാമസഭകൾ മാത്രമാണ് ചേർന്നിട്ടുള്ളത് (2019 ജൂലായ്,2020 ജനുവരി).

2)ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ,ജില്ലാപഞ്ചായത്ത് അംഗത്തെയും നിമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതാണ് എന്ന് നിയമത്തിൽ വ്യക്തമായി നിർദേശിക്കുന്നുണ്ട്. [ (സെക്ഷൻ 3(3)]. എന്നാൽ മേൽ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

3) ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും സെക്ഷൻ 3എ യിൽ പരാമർശിക്കുന്നുണ്ട്.

പ്രദേശത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദേശിക്കുകയും ചെയ്യുക. ടാപ്പുകൾ, കിണറുകൾ തെരുവ് വിളക്കുകൾ, തുടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക. സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ , സബ്സിഡി പോലുള്ള ക്ഷേമ സഹായങ്ങൾ കൈപ്പറ്റുന്നവരുടെ അർഹത പരിശോധിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്. ഇക്കാര്യങ്ങളൊന്നും ഗ്രാമസഭകളിൽ ചർച്ചചെയ്തതായി കാണുന്നില്ല.

നിയമം അനുശാസിക്കും വിധം ഗ്രാമ സഭ വിളിച്ച് ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/25.6.21 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-24 തുടർ സാക്ഷരത-തുല്യത ഫീസ് അടവാക്കൽ :രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് : തുടർ സാക്ഷരത-തുല്യത ഫീസ് അടവാക്കൽ

നം : S0015/2020

അടങ്കൽ - 1,50,000 (തനത് ഫണ്ട് )

നം. വൗച്ചർ നം.21900989/28.3.2020: 1,15,550

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം യഥാക്രമം 17, 18, 21 എണ്ണം കുട്ടികളുടെ 10, +1, +2 പരീക്ഷാ തുല്യതാ ഫീസായി 1,15,0550 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ആയതിന്റെ രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ പഠിതാക്കളിൽ പരീക്ഷ എഴുതിയവരുടേയും യോഗ്യത നേടിയവരുടേയും വിശദാംശങ്ങൾ കാണിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-25 ഹോമിയോ ഡിസ്പെൻസറിയിലേക്ക് പ്രിന്റർ ലഭ്യമാക്കാത്തതു സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് പ്രിന്റർ വാങ്ങൽ |
| പ്രൊജക്റ്റ് നം. | 137/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.സീമ.പി.<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ ഡിസ്പെൻസറി<br>പുഴക്കാട്ടിരി |
| ചെലവഴിച്ച തുക | 14851/-(മെയിന്റനൻസ് റോഡിതരം) |
| ട്രഷറി ബിൽ നം. | 3/2019-20 Dated 13.12.2019 |

മേൽ പരാമർശിച്ച പ്രകാരം 14851/-രൂപ കെൽട്രോണിന് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങാൻ ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഹോമിയോ കത്ത് നം. 23/2021/ G.H.D.P തിയ്യതി 08.03.2021 പ്രകാരം പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് സി.പി.ആർ.എസ്.സി. വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പ്രിന്റർ തുക 20188/-ആണെന്നും ആയതിനാൽ ബാക്കി വരുന്ന തുക 5337/-രൂപ അടവാക്കാനുള്ള നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രിന്റർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയവ സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.1/21.6.2021 ഓഡിറ്റ് എക്വയറിയ്ക്ക് മെഡിക്കൽ ഓഫീസർ തന്ന മറുപടിയിൽ അവശേഷിക്കുന്ന 5337/-രൂപ പഞ്ചായത്തിൽ നിന്ന് 7.4.2021ൽ അടവാക്കിയെന്നും സാങ്കേതിക ബുദ്ധിമുട്ട് കാരണമാണ് ബില്ല് ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതെന്നും പ്രിന്റർ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്നും അറിയിച്ചു.പ്രിന്റർ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതു വരെ 2019-20 ൽ ചെലവഴിച്ച 14851/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 റജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്-രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് : റജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്

നം : S0095/2020

അടങ്കൽ - 1,50,000 (തനത് ഫണ്ട് )

ചെക്ക് നം. XY-1602104/28-03-2020 : 84,331

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം വിവിധ സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന ക്ലബുകൾ ജില്ലാ സ്പോർട്സ് കൗൺസിലിലോ, നെഹ്റു യുവകേന്ദ്രയിലോ റജിസ്റ്റർ

ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ താഴെ കാണും പ്രകാരമുള്ള 34773 രൂപ തടസ്സം ചെയ്യുന്നു-

| ഇനം | നിരക്ക് | കലാലയ ആർട്സ് & സ്പോർട്സ് ക്ലബ്, പാതിരമണ്ണ | ഒളിമ്പിക് ആർട്സ് & സ്പോർട്സ് ക്ലബ്, പുഴക്കാട്ടിരി | ലാംപ് ഷെയർ ആർട്സ് & സ്പോർട്സ് ക്ലബ്, കിഴക്കേതിൽപ്പടി | പുലരിഎഫ്.സി. ആർട്സ് & സ്പോർട്സ് ക്ലബ്, പരവക്കൽ | വിക്ടറി ആർട്സ് & സ്പോർട്സ് ക്ലബ് | നാഷണൽ ആർട്സ് & സ്പോർട്സ് ക്ലബ്, പള്ളിക്കുളമ്പ് | സൂപ്പർസ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്, പരവക്കൽ | ആകെ തുക |
|---|---|---|---|---|---|---|---|---|---|
| Foot Ball | 720 | 2 | 2 | 2 | 3 | 2 | 2 | 2 | 10,800 |
| Volley Ball | 440 | 1 | 0 | 1 | 1 | 1 | 0 | 1 | 2200 |
| Cricket Bat | 690 | 1 | 2 | 1 | 2 | 1 | 2 | 1 | 6900 |
| Cricket Ball | 49 | 6 | 12 | 6 | 9 | 6 | 12 | 6 | 2793 |
| Cricket Stump | 280 | 2 | 2 | 2 | 2 | 2 | 2 | 2 | 3920 |
| Badmi.Racket | 600 | 2 | 1 | 2 | 0 | 2 | 1 | 2 | 6000 |
| Shuttle Cock | 360 | 1 | 1 | 1 | 0 | 1 | 1 | 1 | 2160 |
| | | | | | | | | | 34773 |

## 1-27 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയില്ല

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതുണ്ട്. സ.ഉ (കൈ) നം.161/16/തസ്വഭവ/09.11.2016-പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിൽ ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ 17 കിണർ റീചാർജിംഗ് പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അവയൊന്നും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടില്ല. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതിനാൽ ജലസുരക്ഷാ പദ്ധതി ഏറെ പ്രസക്തമാണ്. കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, രൂക്ഷമായ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിത ഇടപെടലുകൾ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## 1-28 എസ്.എസ്.എ. വിഹിതം അടവാക്കൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്റ്റ് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S0192/2020

അടങ്കൽ - 8,16,000 (വികസന ഫണ്ട് )

ബിൽ നം. 01/17-07-2019 : 8,16,000

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്

2. പ്രൊജക്റ്റ് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S005/2020

അടങ്കൽ - 8,90,720 (വികസന ഫണ്ട് )

ബിൽ നം. 06/17-07-2019 : 8,90,720 (വികസന ഫണ്ട് )

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ജി.ഒ (എം.എസ്) 4/2016 തി. 11.01.16, ഖണ്ഡിക11.6.li പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ എസ്.എസ്.എ. പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ എസ്.എസ്.എ. പ്രൊജക്റ്റിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. ഇപ്രകാരം നടപടികൾ സ്വീകരിച്ചതിൻെറ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഹെഡ്മിസ്ട്രസ്, സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം 17,06,720 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 1-29 അങ്കണവാടികളിലേക്ക് ടി.വി വാങ്ങൽ-5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്.

പ്രൊജക്ട് : അങ്കണവാടികളിലേക്ക് ടി.വി വാങ്ങൽ

നം. : S0101/2020

അടങ്കൽ - 3,00,000(തനത് ഫണ്ട്)

ചെക്ക് നം. 2225186/13-02-2020 : 2,86,100

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ട് പ്രകാരം അങ്കണവാടികളിലേക്ക് ഫോർജ് ഫിറ്റ്നസ് &വെൽനസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ മുഖേന 25 ടി.വി സെറ്റ് വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട താഴെപ്പറയുന്ന അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. ഡിമാൻറ് ഡ്രാഫ്റ്റ്, അനക്ഷർ -15ബി മാതൃകയിലുള്ള ബാങ്ക് ഗാരണ്ടി, ബാങ്കിൽ നിന്നുള്ള സ്ഥിര നിക്ഷേപ രശീതിയുടെ ഒറിജിനൽ എന്നിവയിൽ ഏതെങ്കിലും മുഖേന പെർഫോർമൻസ് സെക്യൂരിറ്റി ലഭ്യമാക്കേണ്ടതാണ്. വാറണ്ടി ഉൾപ്പടെയുള്ള കരാർ ബാധ്യതകൾ അവസാനിച്ച് 60 ദിവസത്തിന് ശേഷമാണ് ആയത് തിരിച്ച് നൽകേണ്ടത്. ടെണ്ടർ നിബന്ധന പ്രകാരം 4 വർഷത്തെ വാറണ്ടി കാലാവധിയുള്ള മേൽ പ്രൊജക്ടിലെ വിജയിയായ Bidderൽ നിന്നും ഇപ്രകാരം 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 ദുരിതാശ്വാസ നിധി രൂപീകരണം-സംബന്ധിച്ച്

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ 3.12.2019 ന് 100രൂപ നിക്ഷേപിച്ച് അർബൺ കോ-ഓപ്പറേറ്റീവ് പെരിന്തൽമണ്ണ ശാഖയിൽ 0004001000002365 നമ്പർ അക്കൗണ്ട് തുടങ്ങി ഇപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചതായി ബോധ്യപ്പെട്ടു. നിധിയിലേക്ക് തുക സമാഹരിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല ആയതിനാൽ തന്നെ ദുരിതാശ്വാസ നിധിയിൽ നിന്ന് നാളിതു വരെ യാതൊരു സഹായവും നൽകിയിട്ടില്ല.ദുരിതാശ്വാസ നിധി നല്ല രൂപത്തിൽ പരിപാലിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.23/25.6.21 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഇതു സംബന്ധിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 പരിരക്ഷാ പദ്ധതിയ്ക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പരിരക്ഷാ പദ്ധതിയ്ക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്ട് നം. | 131/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥന് | ഡോ.ഷിഹാബുദ്ദീൻ<br>മെഡിക്കൽ ഓഫീസർ |
| ചെലവഴിച്ച തുക | 188162-(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ട്രഷറി ബിൽ നം. | Try.Bill.No.15 Dated 10.02.2020 |

പരിരക്ഷാ പദ്ധതിയ്ക്ക് മരുന്ന വാങ്ങാനായി പ്രോഫോർമ്മ ഇൻവോയ്സ് നം. PRF.3726 തിയ്യതി 03.01.2020പ്രകാരം 188162/-രൂപ മുൻകൂറായി K.M.S.C.L.തൈക്കാടിന് നല്കിയിട്ടുണ്ട്. എന്നാൽ 132863/-രൂപയുടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സാണ് ഓഡിറ്റിന് ഹാജരാക്കിയത്. മരുന്ന് ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം./തിയ്യതി | തുക |
|---|---|
| 487/12.04.20 | 34851 |
| 489/12.04.20 | 70427 |
| 3439/29.05.20 | 27585 |
| | 132863 |

ലഭിച്ച മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 55299/-രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന AUDIT ENQUIRY NO.11 Dated 22.06.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതുവരെ 55299/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-32 ന്യൂട്രിമിക്സ് സാമ്പിളുകൾ- ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രോജക്റ്റ് : അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)

നം. : S0010/2020

അടങ്കൽ - 32,72,738 (വികസന ഫണ്ട്- 14,72,738; കേന്ദ്ര വിഹിതം- 18,00,000)

ബിൽ നം. 01/18-07-2019 : 8,00,766

ബിൽ നം. 02/01-09-2019 : 1,43,239

ബിൽ നം. 03/20-11-2019 : 5,28,733

ബിൽ നം. 01/18-07-2019 : 8,00,766

ചെക്ക് നം. 2225183/30-01-2020 : 2,16,376

ചെക്ക് നം. 2225195/20-03-2020 : 3,56,532

ബിൽ നം. 37/01-01-2020 : 1,14,996

ബിൽ നം. 39/05-02-2020 : 1,17,882

ബിൽ നം. 42/04-03-2020 : 1,23,654

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിനായി സ്വപ്നം, കുടുംബശ്രീ യൂണിറ്റ്, പുഴക്കാട്ടിരിയിൽ നിന്നും 15,683.5 Kg അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ലിമെന്റ് വാങ്ങിയതിന് 11,60,579/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി. .എസ് ബി3 - 312/2010,18.12.2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് പരിശോധനയ്ക്ക് അയച്ച് റിസൾട്ട് ലഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2019-20 | 17.06.2021 മുതൽ 25.06.2021 വരെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | കെ.എസ്.എ.എം.പി.എം22/915/2021 തിയ്യതി:1-07-2021 |

## 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (07/19-20) | 300000 | 00 |
| | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(127/19-20) | 200000 | 00 |
| | 276250 | സമഗ്ര നെൽകൃഷി വികസന പദ്ധതി (24/19-20) | 00 | 276250 |
| ജില്ലാ പഞ്ചായത്ത് | 300000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (07/19-20) | 300000 | 00 |
| | 276250 | സമഗ്ര നെൽകൃഷി വികസന പദ്ധതി (24/19-20) | 00 | 276250 |
| | 586210 | ലൈഫ് ഭവന പദ്ധതി (151/19-20) | 00 | 586210 |

കുറിപ്പ്: സംയുക്ത പ്രോജക്കുകൾക്ക് വേണ്ടി ലഭിക്കുന്ന തുകകൾ Joint Venture A/Cലൂടെ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ ഖണ്ഡിക1-4,4-2 എന്നിവയിൽ ഈയിനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| ക്ര.നം. | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | എസ്.സി. കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21900625 തിയ്യതി 17.04.19 | 261500 | 0 | യു.സി. ലഭിച്ചിട്ടില്ല | 261500 |
| 2 | കേരള വാട്ടർ അതോറിറ്റി | എസ്.സി. കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21901038 തിയ്യതി 25.07.19 | 178500 | 0 | യു.സി. ലഭിച്ചിട്ടില്ല | 178500 |
| 3 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 21901129 തിയ്യതി 29.01.20 | 5520 | 0 | യു.സി. ലഭിച്ചിട്ടില്ല | 5520 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | (ജനറൽ) | | | | | |
| 4 | കെ.എസ്. ഇ.ബി | ലൈൻ നീട്ടൽ | 21900567 തിയ്യതി 13.11.19 | 50000 | 0 | യു.സി. ലഭിച്ചിട്ടില്ല | 50000 |
| 5 | കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21901002 തിയ്യതി 31.03.20 | 1130740 | 0 | യു.സി. ലഭിച്ചിട്ടില്ല | 1130740 |
| 6 | ഭൂജല വകുപ്പ് | ജി.എൽ. പി. സ്കൂൾ പലക പ്പറമ്പ് സ്കൂളിൽ കുഴൽകിണൽ നിർമ്മാണം | 21900800 തിയ്യതി 28.01.20 | 62216 | 0 | യു.സി. ലഭിച്ചിട്ടില്ല | 62216 |
| 7 | ഭൂജല വകുപ്പ് | കുഴൽകിണൽ നിർമ്മാണം | 21900866 തിയ്യതി 19.02.20 | 44310 | 0 | യു.സി. ലഭിച്ചിട്ടില്ല | 44310 |
| 8 | കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 19/17.3.20 | 181999 | 0 | യു.സി. ലഭിച്ചിട്ടില്ല | 181999 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഗുണഭോക്താക്കളുടെ വീട് നിർമ്മാണം- ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നല്കൽ (ഹഡ്കോ ലോൺ) | GO(MS)68/18/LSGD Dt. 24.03.2018 | 3275651 | 3275651 | 540651 | | 2735000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2019-20 വർഷത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| ഖണ്ഡിക നം | | | |
| 2014-15 | 2016-17 | 1. ഖണ്ഡിക-2(2) സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല | നടപടി തുടരുന്നു. |
| | | 2.ഖണ്ഡിക-2(3) സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല. | -ടി- |
| 2014-15 | 2016-17 | 3.ഖണ്ഡിക-2(5)ശമ്പളം തടഞ്ഞതിനാൽ നികുതി ഒടുക്കിയില്ല | -ടി- |
| 2014-15 | 2016-17 | 4.ഖണ്ഡിക-2(6)തൊഴിൽ നികുതി:പൊതു അപാകതകൾ | -ടി- |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 2005-06 | 3(10) | ശ്രീ മോഹനൻ നായർ | LF 5425/ Spl.Cell/SC5/10 22.07.2011 | 21596/- | തുക അടച്ചു രസീത് നം. 27923/71 | -- | -- | -- | 21596 | 0 |
| 2 | 2004-05 | 3-22 | ശ്രീമതി കുസുമം ജോസഫ് (ഹെഡ് ക്ലർക്ക്) | LF 5455/ Spl.Cell/SC5/2010 3.5.12 | 393210 | | -- | -- | -- | 393210 | |

## 4-10 ഓഡിറ്റ് പ്രത്യാലോകനം

എ. സംക്ഷിപ്തം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79571906 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49820425 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,75,481 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|
| 1-15 | 14,99,785 | എം.രാജേഷ് ,സെക്രട്ടറി<br>ചെറുശ്ശേരിൽ വീട് ,മുണ്ട് പറമ്പ് പി.ഒ ,മലപ്പുറം |
| 1-16 | 15,000 | വി. വിനോദ്കുമാർ അസിസ്റ്റന്റ് സെക്രട്ടറി<br>മുട്ടുമണ്ണേൽ വീട്,<br>കരക്കാട്ടൂർ പി.ഒ,<br>കോട്ടയം ജില്ല-686544 |
| 1-18 | 86,183 | സ്മിത ജെയിംസ്,ഡയറി എക്സ്റ്റെൻഷൻ ഓഫീസർ,<br>ആറങ്ങാട്ടുകാരക്കാനൻ വീട്, ആർ.വി.പുരം പി.ഒ, വില്ലടം,<br>തൃശ്ശൂർ-680631 |
| 1-21 | 1,07,320 | Rs.82320 ആർ.രാജേഷ്, അസിസ്റ്റന്റ് സെക്രട്ടറി,<br>രാജ് നിവാസ്, നടുവട്ടം പി.ഒ, കുറ്റിപ്പുറം, മലപ്പുറം ജില്ല<br>679571<br>Rs 25000 ആർ. സുധീഷ് ബാബു അസിസ്റ്റന്റ് സെക്രട്ടറി<br>ശ്രീനിധി വീട്,വളാഞ്ചേരി പി.ഒ, മലപ്പുറം ജില്ല- 676552 |
| 1-22 | 4,40,000 | ആർ.രാജേഷ്, അസിസ്റ്റന്റ് സെക്രട്ടറി<br>രാജ് നിവാസ്, നടുവട്ടം പി.ഒ, കുറ്റിപ്പുറം, മലപ്പുറം ജില്ല<br>679571 |
| 1-24 | 1,15,550 | സൈനബ.ടി.പി., ഹെഡ്മിസ്ട്രസ്സ്, തവളേങ്ങൽ വീട്,<br>ചെരക്കാപറമ്പ്(പി.ഒ),അങ്ങാടിപ്പുറം<br>മലപ്പുറം ജില്ല-679321 |
| 1-25 | 14851 | ഡോ. സീമ.പി,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ,<br>സെറിൻ വീട്, വലമ്പൂർ പി.ഒ., മലപ്പുറം. 679325 |
| 1-26 | 34,773 | സൈനബ.ടി.പി., ഹെഡ്മിസ്ട്രസ്സ്, തവളേങ്ങൽ വീട്,<br>ചെരക്കാപറമ്പ്(പി.ഒ),അങ്ങാടിപ്പുറം<br>മലപ്പുറം ജില്ല-679321 |
| 1-28 | 17,06,720 | 8,90,720- ആർ.രാജേഷ്, സെക്രട്ടറി (ചാർജ്)<br>രാജ് നിവാസ്, നടുവട്ടം പി.ഒ, കുറ്റിപ്പുറം, മലപ്പുറം ജില്ല<br>679571<br>8,16,000-<br>സൈനബ.ടി.പി.,<br>ഹെഡ്മിസ്ട്രസ്സ്, തവളേങ്ങൽ വീട്,<br>ചെരക്കാപറമ്പ്(പി.ഒ), അങ്ങാടിപ്പുറം<br>മലപ്പുറം ജില്ല-679321 |
| 1-31 | 55,299 | ഡോ. ഷിഹാബുദ്ദീൻ,<br>വട്ടമനതൊടി വീട്,<br>കൂട്ടിൽ (PO),മങ്കട,മലപ്പുറം, പിൻ-679324 |

| | |
|---|---|
| ആകെ | 40,75,481 |

സി. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽ വിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സീമ.പി, മെഡിക്കൽ ഓഫീസർ, ഹോമിയോ, | മെഡിക്കൽ ഓഫീസർ, മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, പൊൻമള ഗ്രാമപഞ്ചായത്ത്. | സെറിൻ വീട്, വലമ്പൂർ പി.ഒ., മലപ്പുറം. 679325 |
| ഡോ. ഷിഹാബുദ്ദീൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,പുഴക്കാട്ടിരി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,പുഴക്കാട്ടിരി | വട്ടമനതൊടി വീട്, കൂട്ടിൽ (PO),മങ്കട,മലപ്പുറം, പിൻ-679324 |
| ആർ. സുധീഷ് ബാബു അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്. | ശ്രീനിധി വീട്, വളാഞ്ചേരി പി.ഒ, മലപ്പുറം ജില്ല- 676552 |
| എം.രാജേഷ് ,സെക്രട്ടറി | സെക്രട്ടറി, കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല. | ചെറുശ്ശേരിൽ വീട് , മുണ്ടുപറമ്പ് പി.ഒ , മലപ്പുറം-676509 |
| ആർ.രാജേഷ്, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി, എടയൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല. | രാജ് നിവാസ്, നടുവട്ടം പി.ഒ, കുറ്റിപ്പുറം, മലപ്പുറം ജില്ല 679571 |
| വി. വിനോദ്കുമാർ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി , പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് | മുട്ടണ്ണേൽ വീട്, കരക്കാട്ടൂർ പി.ഒ, കോട്ടയം ജില്ല-686544 |
| സ്മിത ജെയിംസ്,ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, തള്ളിക്കളം ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ല. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, ആറൻങ്ങാട്ടുകാരക്കാനൻ വീട്, ആർ.വി.പുരം പി.ഒ, വില്ലടം, തൃശ്ശൂർ-680631 |
| സൈനബ.ടി.പി, ഹെഡ്മിസ്ട്രസ്, | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.സ്കൂൾ, ചൊവ്വാണ്ണ, | തവളേങ്ങൽ വീട്, ചെരക്കാപറമ്പ്(പി.ഒ), അങ്ങാടിപ്പുറം മലപ്പുറം ജില്ല-679321 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽഎഫ്.എം.14/3252/16/28.10.16 | 1 |
| 1997-98 | എൽ.എഫ്.എം. 14 /348/01 /14.02.11 | 29 |
| 1998-99 | എൽ.എഫ്.എം.14 / 746/03/14.02.11 | 16 |
| 1999-00 | എൽ.എഫ്.എം.15/1580 /06/14.02.11 | 12 |
| 2000-01 | എൽ.എഫ്.എം.12/ 1530/06/14.02.11 | 03 |
| 2001-02 | എൽ.എഫ്.എം.12/ 2162/07/14.02.11 | 17 |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04/14.02.11 | 07 |
| 2002-03 | എൽ.എഫ്.എം. 12 /69/ 08/14.02.11 | 24 |
| 2003-04 | എൽ.എഫ്.എം.12/ 70/08/14.02.11 | 19 |
| 2004-05 | എൽ.എഫ്.എം.12/71/ 08 /14.02.11 | 30 |
| 2005-06 | എൽ.എഫ്.എം.12/ 1169/08/14.02.11 | 28 |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 |
| 2007-08 | എൽ.എഫ്.എം14./ 2473/13/20.06.14 | 06 |
| 2008-09 | എൽ.എഫ്.എം.14/2474/13/20.06.14 | 10 |
| 2009-10 | എൽ.എഫ്.എം14./ 2475/13/ 20.06.14 | 09 |
| 2010-11 | എൽ.എഫ്.എം. 14 /204 /14/ 07.02.14 | 15 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.11.12.16 | 9 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/14/2011/2016 തി.3.8.2016 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം/14/3025/2016 തി.28.01.2017 | 18 |
| 2016-17 | കെ.എസ്.എ.എം.പി.എം/22/1828/2017 തി.02.11.2017 | 18 |
| 2017-18 | കെ.എസ്.എ എം.പി.എം 22/2959/2018 19.01.2019 | 21 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.22/2571/2019 തിയ്യതി 05.12.19 | 28 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്